IT@School
DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

**IT@SCHOOL STATE PROJECT OFFICE**
(IT Project under Directorate of Public Instruction)

VICTERS
(The complete educational channel)
POOJAPPURA. P.O., THIRUVANANTHAPURAM - 12
Ph: 0471-2529800 Fax: 0471-2529810
E-mail: contact@itschool.gov.in, victers@itschool.gov.in
Website: www.itschool.gov.in, www.victers.itschool.gov.in

തീയതി: 06.06.2017

# <u>വിജ്ഞാപനം</u>

## <u>ഐ.ടി.@സ്കൂൾ പ്രോജക്ടിലേക്ക് മാസ്റ്റർട്രെയിനർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു</u>

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.@സ്കൂൾ പ്രോജക്ടിലേക്ക് മാസ്റ്റർട്രെയിനർമാരെ തെരഞ്ഞെടുക്കുന്നു. ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങളിലുള്ള അധ്യാപകർക്ക് അപേക്ഷിക്കാവുന്നതാണ്. സർക്കാർ മേഖലയോടൊപ്പം എയ്ഡഡ് മേഖലയിലെയും അധ്യാപകർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. എയ്ഡഡ് മേഖലയിൽ നിന്നുള്ള അപേക്ഷകർ സ്കൂൾ മാനേജരിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം അഭിമുഖ വേളയിൽ സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കുന്ന അധ്യാപകരുടെ ഒഴിവിലേക്ക് വിദ്യാഭ്യാസ വകുപ്പ്/ഐ.ടി.@സ്കൂൾ പ്രോജക്ട് അധ്യാപകനെ / അധ്യാപികയെ നിയോഗിക്കുന്നതാണ്.

അപേക്ഷകർക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, കണക്ക്, സോഷ്യൽ സയൻസ്, ഭാഷാ വിഷയങ്ങൾ എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദവും ബി.എഡും കമ്പ്യൂട്ടർ പ്രാവിണ്യവും ഉണ്ടായിരിക്കണം. ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിൽ നിന്നുള്ളവർക്ക് പ്രസ്തുത തലങ്ങളിലുള്ള യോഗ്യത ഉണ്ടായിരിക്കണം. പ്രവർത്തന പരിചയമുള്ള കമ്പ്യൂട്ടർ നിപുണരായ അധ്യാപകർക്കും സ്കൂൾ ഐ.ടി./ഹയർ സെക്കന്ററി സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാർക്കും മുൻഗണന നൽകുന്നതാണ്. ഹയർ സെക്കണ്ടറി, ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങളിലെ ഉള്ളടക്ക നിർമ്മാണം, അധ്യാപക പരിശീലനം, വിദ്യാഭ്യാസ വകുപ്പിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ തുടങ്ങി ഐ.ടി.@സ്കൂൾ പ്രോജക്ട് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റു ജോലികളും ചെയ്യാൻ സന്നദ്ധരായവരാണ് അപേക്ഷിക്കേണ്ടത്. ഇപ്പോൾ ജോലി ചെയ്യുന്ന റവന്യൂ ജില്ലയിൽ തന്നെ മാസ്റ്റർ ട്രെയിനർമാരായി പ്രവർത്തിക്കാൻ താത്പര്യമുള്ളവരാണ് അപേക്ഷിക്കേണ്ടത്.

www.itschool.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി ജൂൺ 16 ന് മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്നവരെ ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

GK/SL/1235/2017